**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2863** | **18-03-2022 - ൽ മറുപടിയ്ക്ക്**

**വാമനപുരം - ഗോത്രസാരഥി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമല പഞ്ചായത്തിൽ ഗോത്രസാരഥി പദ്ധതി കാര്യക്ഷമമായി നടക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 24.02.2022 ന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ “ഗോത്രസാരഥി” പദ്ധതി നടത്തിപ്പ് സംബന്ധിച്ച് അവലോകന യോഗം ചേർന്നിരുന്നു. ജില്ലാ കളക്ടർ, പ്ലാനിംഗ് ഓഫീസർ, “ഗോത്രസാരഥി” പദ്ധതി നടപ്പിലാക്കേണ്ട പഞ്ചായത്ത് അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ പങ്കെടുത്തുകൊണ്ട് പദ്ധതി നടത്തിപ്പിന് നടപ്പ് വർഷം ആവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തണമെന്നും ആവശ്യത്തിന് തുക ലഭ്യമല്ലാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന തുക അനുവദിക്കുന്നതിനും തുടർ നടപടി സ്വീകരിക്കണമെന്നും യോഗം തീരുമാനിക്കുകയും, ആയത് പ്രകാരം “ഗോത്ര സാരഥി” പദ്ധതി മുടങ്ങാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഗോത്രസാരഥി പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിലും, ടി സ്കൂളുകളുടെ നടത്തിപ്പിലും മുഖ്യ പങ്ക് വഹിക്കുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആയതിനാലും 2020-21 വർഷം മുതൽ “ഗോത്ര സാരഥി” പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി. ഫണ്ടിൽ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്തുകൾ നടപ്പ് വർഷത്തെ പദ്ധതി തയ്യാറാക്കുമ്പോൾ ഗോത്ര സാരഥി പദ്ധതി പ്രോജക്ട് ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നു. പദ്ധതി നടത്തിപ്പിന് പ്രോജക്ട് തയ്യാറാക്കുന്നതിൽ ഉണ്ടായ കാലതാമസം ചില സ്ഥലങ്ങളിലെങ്കിലും |

| | | | |
|---|---|---|---|
| | | | പദ്ധതി നടത്തിപ്പിനെ ബാധിക്കാനുള്ള സാദ്ധ്യത കണക്കിലെടുത്തു കൊണ്ട് പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികളുടെ സ്കൂൾ പഠനം മുടങ്ങാതിരിക്കുന്നതിനായി സ്കൂൾ ആരംഭിച്ച 2021 നവംബർ, ഡിസംബർ മാസങ്ങളിൽ പദ്ധതി നടത്തിപ്പിനായി പട്ടികവർഗ്ഗ വികസന വകുപ്പ് തുക അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പദ്ധതി നടപ്പാക്കിയതിനുശേഷം ഏതെങ്കിലും സ്ഥലങ്ങളിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പിഴവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | 2020-21 അദ്ധ്യയന വർഷം നവംബർ മാസം 1-ാം തീയതി സ്കൂളുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് മുന്നിൽ കണ്ട് കൊണ്ട് "ഗോത്ര സാരഥി" പദ്ധതി നടത്തിപ്പിനായി പഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുവദിച്ചു നൽകിയ ടി.എസ്.പി.ഫണ്ടിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് തയ്യാറാക്കുന്നതിന് ജില്ലാ ആസൂത്രണസമിതി, ജില്ലാ വികസന സമിതി യോഗങ്ങളിൽ പദ്ധതി ആവശ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, നഗരകാര്യ വകുപ്പ് ഡയറക്ടർ എന്നിവർക്ക് കത്തുകൾ നൽകുകയും, ആയത് സംബന്ധിച്ച അറിയിപ്പ് വകുപ്പിലെ ജില്ലാതല ഓഫീസർമാർക്ക് നൽകികൊണ്ട് ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എങ്കിലും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല എന്ന് മനസിലാക്കിയതിന്റെയടിസ്ഥാനത്തിൽ 2021 നവംബർ /ഡിസംബർ മാസങ്ങളിൽ ഗോത്ര സാരഥി" പദ്ധതി നടത്തിപ്പിനാവശ്യമായ തുക പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ